



# ദൈവദാസനായ കനീസിയൂസച്ചൻ



2015 May

Vol: 1 Issue:2

## സ്വർഗ്ഗത്തിൽ 101-ാം ജന്മദിനാഘോഷം





## എന്റെ മാർഗ്ഗദർശകൻ

**മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ CMI**



ബഹു. കനീസിയൂസച്ചനുമായി അടുത്ത് പരിചയപ്പെടുന്നത് ധർമ്മാരാം കോളേജിൽ ദൈവശാസ്ത്രം പഠിക്കുമ്പോഴാണ്. ഞങ്ങളുടെ ബൈബിൾ അധ്യാപകനായിരുന്നു അദ്ദേഹം. അതോടൊപ്പം എന്റെ ആദ്ധ്യാത്മിക പിതാവും. ആ ആത്മീയ ബന്ധം അദ്ദേഹത്തിന്റെ മരണംവരെ തുടർന്നു. ധർമ്മാരാമിൽവെച്ച് കനീസിയൂസച്ചന്റെ തലമുടി വെട്ടിയിരുന്നത് ഞാനാണ്. അദ്ദേഹത്തിന്റെ മുറിയിൽ വെച്ചാണ് മുടി വെട്ടിയിരുന്നത്. മുടി അടിച്ചുവാരിക്കളയാൻ സമ്മതിക്കില്ല. കനീസിയൂസച്ചൻ തന്നെ അത് ചെയ്യുമായിരുന്നു.

ഞാനടക്കം കുറച്ച് ചില ശെമ്മാശന്മാർക്ക് അദ്ദേഹത്തോടൊപ്പം ഏതാനും മാസങ്ങൾ കോട്ടഗിരിയിൽ താമസിക്കാൻ ഭാഗ്യമുണ്ടായി. വി. അൽഫോൻസാമ്മയുടെ നാമകരണനടപടികളുടെ ഭാഗമായി രൂപതാകച്ചേരിയിൽ നടന്ന സാക്ഷിവിസ്താരഭാഗങ്ങൾ കനീസിയൂസച്ചന്റെ മേൽനോട്ടത്തിൽ മലയാളത്തിൽനിന്ന് ലത്തീനിലേക്ക് തർജ്ജമ ചെയ്യുകയായിരുന്നു ഞങ്ങൾ. അദ്ദേഹം തൃശ്ശൂർ പ്രവിശ്യയുടെ പ്രൊവിൻഷ്യാളായിരുന്നപ്പോൾ ഞാൻ കൗൺസിലംഗങ്ങളിൽ ഒരാളായിരുന്നു. പല പുത്തൻ പദ്ധതികളും അന്ന് നടപ്പിലാക്കാൻ കനീസിയൂസച്ചൻ മുൻകൈ എടുത്തു. ഞാൻ അദ്ദേഹത്തിന്റെ പക്കലാണ് കുമ്പസാരിച്ചിരുന്നത്.

ഞാൻ സാഗറിലെ മെത്രാനായിരുന്നപ്പോൾ ആറു മാസത്തിലൊരിക്കലെങ്കിലും നാട്ടിലെത്തി എന്റെ ആദ്ധ്യാത്മിക കാര്യങ്ങൾ ചർച്ച ചെയ്യുക പതിവായിരുന്നു. 1998 ജനുവരി 27-ാം തിയ്യതി (മരിക്കുന്നതിന് രണ്ട് ദിവസം മുമ്പ്)യാണ് ഒടുവിൽ ആ വന്ദ്യപിതാവിനെ സന്ദർശിച്ചത്. അമല ആശുപത്രിയിൽ ആസന്നനിലയിൽ കഴിഞ്ഞിരുന്ന അദ്ദേഹത്തോട് എന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ വിമുഖത തോന്നി. മാറിനിൽക്കുന്ന എന്റെ കണ്ടപ്പോൾ അടുത്തേയ്ക്കുവിളിച്ച് ഹൃദയസ്പർശിയായ വാക്കുകൾ ഉരുവിട്ട് എന്നെ ആശ്വസിപ്പിച്ചു.

## അന്ന് മനുഷ്യദാസൻ ഇന്ന് ദൈവദാസൻ



മോൺ. ജോസ് ഇരിമ്പൻ,
ഇരിങ്ങാലക്കുട രൂപത വികാരി ജനറാൾ

ബഹു. കനീസിയൂസ് സി. എം. ഐ. അച്ചൻ - ഗുരുസാന്നിധ്യത്തിൽ തപസിരുന്ന് ആർജ്ജിച്ചെടുത്ത വിശുദ്ധിയുടെ നിറവിൽ യേശുവിന്റെ കണ്ണുകൾ കൊണ്ട് എല്ലാവരേയും കാണുവാനും കാതുകൊണ്ട് എല്ലാവരേയും കേൾക്കുവാനും ഉദാരതയോടെ എല്ലാവരേയും സ്വീകരിക്കാനും സാധിച്ച ഒരു ദിവ്യാത്മാവ്. ജീവിത വിശുദ്ധികൊണ്ട് ജീവിച്ചിരിക്കുമ്പോൾ തന്നെ ദൈവത്തെ കാണുകയും ആ കണ്ണുകൊണ്ട് തന്നെ സഹോദരങ്ങളെ കണ്ട് അവരിലൊരുവനാകാൻ ലളിതവും വിനയാന്വിതവുമായ ജീവിതം സ്വന്തമാക്കിയ ഒരു സന്യാസ ശ്രേഷ്ഠൻ. ഏതു ചെറിയവരേയും ആദരിക്കുകയും അംഗീകരിക്കുകയും ഓരോരുത്തരുടെയും കഴിവുകൾ വളർത്താൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്ന ഒരു മനുഷ്യസ്നേഹി. സമാനതകളില്ലാത്ത വ്യക്തിത്വത്തിന്റെ ഉടമസ്ഥനായ ബഹു. കനീസിയൂസച്ചൻ, "ദൈവേഷ്ടം, അതുമാത്രം, അതു മുഴുവൻ" എന്ന ജീവിതശൈലി അധരത്തിലും ഹൃദയത്തിലും കാത്തുസൂക്ഷിച്ചു. അതിൽ സംതൃപ്തി കണ്ടെത്തി. ജീവിതം ദൈവേഷ്ടത്തിന് ഒരു കാണിക്കയായി സമർപ്പിച്ച ബഹു. കനീസിയൂസച്ചനെ കുറിച്ച് കണ്ടും കേട്ടും അറിഞ്ഞനാൾ മനസിൽ സൂക്ഷിക്കുന്ന ചിന്തകളിൽ ചിലതൊക്കെയാണ് മുകളിൽ പ്രസ്താവിച്ചത്.

അദ്ദേഹം ദൈവദാസനായത് മനുഷ്യരുടെ ദാസനായി ജീവിച്ചതുകൊണ്ട് മാത്രമാണ്. മനുഷ്യരെ സ്നേഹിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞത് ദൈവത്തെ സ്നേഹിക്കാൻ അദ്ദേഹത്തിനു സാധിച്ചതുകൊണ്ടാണ്. "ശുശ്രൂഷിക്കപ്പെടാനല്ല ശുശ്രൂഷിക്കാനും, സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായ് നൽകാനുമാണ് താൻ

തുടർച്ച 3 പേജിൽ 3-ാം കോളം

## സ്നേഹധനനായ ഫാ. കനീസിയൂസ് CMI



Late **സിസ്റ്റർ ക്ലിയോപാട്ര സി. എം . സി.**

വിമലാ കോളേജിൽ ഞാൻ പഠിപ്പിച്ചുകൊണ്ടിരുന്ന കാലം. അപ്പോഴാണ് അച്ചൻ ബൈബിൾ ക്ലാസ്സുകളെടുക്കാൻ ഞങ്ങൾക്കായി വന്നിരുന്നത്. കോളേജിലെ ഒരു ക്ലാസ്സിൽ വിമലയിലെ അതായത് സെന്റ് സേവിയേഴ്സ് കോൺവെന്റിലെ സിസ്റ്റേഴ്സിന് ബൈബിൾ ക്ലാസ്സെടുക്കാൻ വന്നിരുന്നു. ഞങ്ങൾ എല്ലാവരും ഉത്സാഹത്തോടും സന്തോഷത്തോടും കുടെ ആ ക്ലാസിന് വന്നിരുന്നു. ഞങ്ങൾ വളരെ ശ്രദ്ധാപൂർവ്വം ഇരുന്നിരുന്നു. പക്ഷേ ക്ലാസ്സുകളെടുക്കുമ്പോൾ ഉള്ള അദ്ദഹത്തിന്റെ തീക്ഷ്ണതയും സന്തോഷവുമാണ് ഞങ്ങൾ ഏറ്റവും അധികം ശ്രദ്ധിച്ചിരുന്നത്. കൈകൾ കൊട്ടിയും കൂട്ടിത്തിരിമ്മിയുമാണ് അദ്ദേഹം പറയുന്നവ, അദ്ദേഹത്തിൽ അലിഞ്ഞുചേർന്നവ, വെളിപ്പെടുത്തിയിരുന്നത്. അദ്ദേഹം ആ കാലത്ത് പാട്ടുരായ്ക്കൽ പൊവിൻഷ്യൽ ആയിരുന്നുവെന്ന് തോന്നുന്നു. അല്ലെങ്കിൽ അവിടെയായിരുന്നു താമസം.

ആ കാലഘട്ടത്തിലായിരുന്നു ഞാൻ അദ്ദേഹത്തെ എന്റെ ആത്മപിതാവായി തിരഞ്ഞെടുത്തത്. സാധാരണയായി ഞാൻ പരിയാരത്തുള്ള സാക്ഷാൽക്കാരയിൽ പോയി അദ്ദേഹത്തിന്റെ അടുത്ത് കുമ്പസാരിക്കും. ഞാൻ ചെയ്യേണ്ട കാര്യങ്ങൾ എനിക്ക് പറഞ്ഞുതരും. ചിലപ്പോൾ ഞാൻ കത്തെഴുതാറുണ്ട്. അതിന് അദ്ദേഹത്തിന്റെ മനോഹരമായ കൈയെഴുത്തിൽ എനിക്ക് മറുപടി അയച്ചു തരാറുണ്ട്. വളരെ ക്രമമായി നമ്പറിട്ട് ചെയേണ്ട കാര്യങ്ങൾ എഴുതിയിരുന്നു. എപ്പോൾ സാക്ഷാൽക്കാരയിൽ പോയാലും അദ്ദേഹം സഹായിക്കാൻ തയ്യാറായിരുന്നു. ഞാൻ സാക്ഷാൽക്കാരയിൽ ചെല്ലുമ്പോൾ അദ്ദേഹം സന്നിധിയിൽ മുട്ടിൻമേൽ നിന്ന് അനക്കമില്ലാതെ പ്രാർത്ഥിക്കുകയായിരിക്കും. ഞങ്ങൾ പുറകിൽ കാത്തിരിക്കും; അദ്ദേഹത്തിന്റെ പ്രാർത്ഥന കഴിയുന്നതു വരെ. വളരെ സ്നേഹത്തോടും ദയയോടും കൂടെ ഞങ്ങളെ സ്വീകരിച്ചിരുന്നു. ചിലപ്പോൾ ദിവ്യബലി ചൊല്ലിത്തന്നിരുന്നു.

ഞാൻ പ്രൊവിൻഷ്യലായി തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം ഞങ്ങൾ ഒരുമിച്ചുവരുമായിരുന്നു. ഒരു പ്രൊവിൻഷ്യൽ കൗൺസിലിന് ആവശ്യമായ നിർദ്ദേ

തുടർച്ച 4 പേജിൽ 3-ാം കോളം



# ദൈവദാസനായ കനീസിയൂസച്ചൻ

## ജനമനസ്സുകളിൽ ഇന്നും ജീവിക്കുന്നു.

**അവൻെറ ശരീരസ്പർശമേറ്റ തുവാലകളും അംഗവസ്ത്രങ്ങളും അവർ രോഗികളുടെ അടുത്തു കൊണ്ടുവന്നു. അപ്പോൾ രോഗം അവരെ വിട്ടുമാറുകയും അശുദ്ധാത്മാക്കൾ അവരിൽനിന്നു പുറത്തുവരുകയും ചെയ്തിരുന്നു.** (അപ്പ.19.12)

### ഫുൾ എ പ്ലസ്

കനീസിയൂസ് പിതാവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി എസ്. എസ്. എൽ. സി. പരീക്ഷയിൽ ഫുൾ എ പ്ലസ് ലഭിച്ചതിന് നന്ദി പറയുന്നു.

**അഖിൽ തോമസ്**

### ദൈവദാനമായി ആൺകുഞ്ഞ്

എന്റെ മകൾക്ക് കനീസിയൂസ് അച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായ് സുഖപ്രസവത്തിലൂടെ ഒരു ആൺകുഞ്ഞിനെ തന്ന് അനുഗ്രഹിച്ചതിന് നന്ദി.

**ഡെയ്സി തോമസ്,** വിതയത്തിൽ ഹൗസ്, പി. ഒ. കോട്ടമുറി, മാള – 680 732

### പനിയിൽനിന്നു സുഖം പ്രാപിച്ചു

എന്റെ മകളുടെ വാവയ്ക്ക് നല്ല പനിയുണ്ടായിരുന്നു. ആശുപത്രിയിൽ പോയി. ഡോക്ടറെ കണ്ടപ്പോൾ ബ്ലഡ് ടെസ്റ്റ് നടത്താൻ പറഞ്ഞു. അപ്പോൾ ഞാൻ കനീസിയൂസ് അച്ചന്റെ സഹായം യാചിച്ചു. ടെസ്റ്റിൽ ഒരു കുഴപ്പവും ഇല്ലാതെ വാവയെ കാക്കാൻ. റിസൽട്ട് വന്നപ്പോൾ യാതൊരു കുഴപ്പവും ഇല്ല എന്ന് ഡോക്ടർ പറഞ്ഞു. പനി മാറുകയും ചെയ്തു. ഇത്ര വലിയ അനുഗ്രഹത്തിന് നന്ദി.

**ഡെയ്സി തോമസ്**, വിതയത്തിൽ ഹൗസ്, പി. ഒ. കോട്ടമുറി, മാള – 680 732

### പരീക്ഷാവിജയം

എന്റെ +2വിന് പഠിക്കുന്ന മകൻ എൻട്രൻസ് എക്സാമിന് വേണ്ടി കനീസിയൂസച്ചന്റെ പ്രത്യേക സഹായം യാചിച്ചിരിന്നു. എൻട്രൻസ് എക്സാം കഴിഞ്ഞു അതിൽ ഒന്നിന്റെ റിസൽട്ട് വന്നു. അതിന് അവന് 26–ാം റാങ്ക് ഉണ്ട് യേശുവേ നന്ദി. മാത്രമല്ല കഴിഞ്ഞ ആഴ്ച്ച അവന്റെ ബോർഡ് പരീക്ഷയും കഴിഞ്ഞു. മൂന്നും ദൈവാനുഗ്രഹത്താൽ നല്ല എളുപ്പമായിരുന്നു. ദൈവമേ നന്ദി.

കൊമ്പിടിയിൽ നിന്നും ഒരു മകൻ

### മക്കൾ ദൈവദാനം

ഞാൻ ഗർഭിണിയായ നാൾ മുതൽ കനീസിയൂസച്ചന്റെ മാദ്ധ്യസ്ഥം യാചിച്ച് സുഖപ്രസവം നടക്കുന്നതിനും ആരോഗ്യമുള്ള ഒരു കുഞ്ഞിനെ തരുന്നതിനുമായി നിരന്തരം പ്രാർത്ഥിക്കുമായിരുന്നു. അതിന്റെ ഫലമായി സുഖപ്രസവം നടക്കുകയും ആരോഗ്യമുള്ള ഒരു കുഞ്ഞിനെ ലഭിക്കുകയും ചെയ്തു. ഇനിയും കനീസിയൂസച്ചന്റെ മദ്ധ്യസ്ഥം എനിക്കും എന്റെ കുടുംബത്തിനും ലഭിക്കണമേ എന്ന് പ്രാർത്ഥിക്കുകയും ഞങ്ങൾക്ക് നൽകിയ വലിയ അനുഗഹത്തിന് നന്ദി പറയുകയും ചെയ്യുന്നു.

പുത്തൻവേലിക്കരയിൽ നിന്നും ഒരു മകൾ

### ടോൺസിലൈറ്റിസ് മാറി

രണ്ടു വർഷമായി തൊണ്ടയിൽ വേദനയും ടോൺസിലൈറ്റിസിന്റെ അസുഖവും മൂലം കഷ്ടപ്പെടുകയായിരുന്നു. കനീസിയൂസച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ അസുഖം മാറികിട്ടിയതിന് കനീസിയൂസച്ചനോട് ഒരായിരം നന്ദി പറയുന്നു.

**സിസിലി**

### ഉന്നതവിജയം

ദൈവദാസനായ കനീസിയൂസച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായ് എന്റെ മകൾ ശ്രുതി എസ്. എസ്. എൽ. സി. പരീക്ഷയിൽ പ്രതീക്ഷിച്ചതിൽ കൂടുതൽ മാർക്ക് കിട്ടുകയും, ആഗ്രഹിച്ച് പ്രാർത്ഥിച്ചതു പോലെ സയൻസിന് അഡ്മിഷൻ കിട്ടുകയും ആഗ്രഹിച്ച സ്കൂളിൽ തന്നെ അഡ്മിഷൻ കിട്ടുകയും ചെയ്തു. ഇത്രയും വലിയ അനുഗ്രഹത്തിന് ഞാനും എന്റെ കുടുംബവും നന്ദി പറയുന്നു.

**നീന റാഫേൽ,** കല്ലറയ്ക്കൽ, കോട്ടമുറി

### ബ്രസ്റ്റ് ക്യാൻസർ മാറി

എന്റെ ബ്രസ്റ്റിൽ ശക്തമായ വേദന ഉണ്ടായിട്ട് ഡോക്ടറെ സമീപിച്ചപ്പോൾ മരുന്ന് തരികയും ഒരാഴ്ച കഴിഞ്ഞ് വന്നുകാണാൻ ആവശ്യപ്പെടുകയും ചെയ്തു. രണ്ട് ദിവസം മരുന്ന് കഴിച്ചിട്ടും കുറവൊന്നും ഉണ്ടായില്ല. വീണ്ടും ഡോക്ടറെ കാണുകയും പെട്ടെന്നുതന്നെ സ്കാൻ ചെയ്ത് കാണിക്കണമെന്നും പറഞ്ഞു. അപ്പോൾ മുതൽ എന്റെ മനസിന് കൂടുതൽ വിഷമമായി. ഞാൻ ഇവിടെ ദിവ്യബലിയിലും കനീസിയൂസച്ചന്റെ കബറിടത്തിലും പ്രാർത്ഥിച്ചതിന് ശേഷമാണ് ടെസ്റ്റിന് പോയത്. റിസൽട്ട് ഡോക്ടറെ കാണിച്ചപ്പോൾ കുഴപ്പമൊന്നും കണ്ടില്ല. വേദനയ്ക്ക് കുറവൊന്നും ഉണ്ടായില്ല. അതിനാൽ ഒരു ടെസ്റ്റ് കൂടി ചെയ്യണമെന്നാവശ്യപ്പെട്ടു. കുറച്ച് മരുന്ന് തരുകയും ഐസ് വെക്കാൻ ആവശ്യപ്പെടുകയും ചെയ്തു. കുറവുണ്ടായിരുന്നില്ല. ഓരോ നിമിഷവും കനീസിയൂസച്ചന്റെ മാദ്ധ്യസ്ഥം ചോദിച്ച് കണ്ണുനീരോടെ പ്രാർത്ഥിക്കുമായിരുന്നു. മറ്റൊരു ഡോക്ടറെ കാണുവാൻ ആവശ്യപ്പെടരുതേ എന്റെ പ്രിയപ്പെട്ട അച്ചാ, എന്റെ അപ്പച്ചാ എന്നെ സഹായിക്കണമെ, രക്ഷിക്കണേയെന്ന് പ്രാർത്ഥിച്ചു. ദൈവത്തിന്റെ കരം എന്റെ മേൽ ഉണ്ട് എന്ന് ഞാൻ വിശ്വസിച്ചു. (വലിയ തുകയുടെ ടെസ്റ്റ്) രണ്ടാമത്തെ ടെസ്റ്റ് കാണിച്ചപ്പോൾ ഡോക്ടർ എന്നോട് പറഞ്ഞു: ഇത് ക്യാൻസർ എന്ന രോഗത്തിന്റെ ടെസ്റ്റ് ആണ്. എന്തോ? ദൈവത്തിന്റെ അനുഗ്രഹമാണ്. ഞാൻ സംശയിച്ചതുപോലുള്ള യാതൊന്നും ഇതിൽ കാണുന്നില്ല. വേദനയ്ക്കുള്ള മരുന്നുകൾ നല്കിവിട്ടു. മരുന്നുകൾ യാതൊന്നും ഞാൻ കഴിച്ചില്ല. കനീസിയൂസച്ചനോട് മാദ്ധ്യസ്ഥം യാചിക്കുമായിരുന്നു. അത്ഭുതമെന്ന് പറയട്ടെ. പിറ്റേമുതൽ എന്റെ വേദന കുറയാൻ തുടങ്ങി. ഇപ്പോൾ ഒട്ടും തന്നെ വേദനയില്ല. ഞാൻ പൂർണ്ണസുഖം പ്രാപിച്ചിരിക്കുന്നു. ദൈവത്തോട് അനുഗ്രഹം വാങ്ങിതന്ന കനീസിയീസച്ചനോട് ഒരായിരം നന്ദികൾ അർപ്പിക്കുന്നു.ഇവിടെ വന്ന് പ്രാർത്ഥിക്കുന്ന എല്ലാവർക്കും അനുഗ്രഹങ്ങൾ വർഷിക്കണമെന്നും പ്രാർത്ഥിക്കുന്നു.

**കളപറമ്പത്ത് റോസ്‌ലി**, ആലത്തൂർ

### കുഞ്ഞുങ്ങളെ ലഭിച്ചു

ഞാൻ ഗർഭിണി ആയിരുന്ന സമയത്ത് ഇരട്ടക്കുട്ടികളാണെന്ന് അറിഞ്ഞപ്പോൾ ഞാൻ എന്നും കനീസിയൂസച്ചനോട് പ്രാർത്ഥിക്കുമായിരുന്നു. യാതൊരുവിധ വൈകല്യങ്ങളുമില്ലാത്ത രണ്ട് കുഞ്ഞുങ്ങളെ തന്നാൽ കബറിടത്തിൽ ഞാൻ വന്ന് കുട്ടികളെ കിടത്തി പ്രാർത്ഥിച്ചോളാം, അതിന്റെ ഫലമായ് നല്ല ആരോഗ്യമുള്ള 2 പെൺകുഞ്ഞുങ്ങളെ ലഭിച്ചു

മരീസ ജോയ്, വെമ്പിൽ, സ്നേഹഗിരി

### കൈയിലെ മുഴ മാറി

എന്റെ വലത്തേ കൈയുടെ നാലാമത്തെ വിരലിൽ ഒരു മുഴയുണ്ടായിരുന്നു. അതിന്റെ മുകൾ ഭാഗം കുറച്ചു നാൾ കഴിഞ്ഞപ്പോൾ കറുപ്പുനിറമായ് മാറി. അവിടെ ഞെക്കുമ്പോൾ വെള്ളം പോലെ എന്തോ ഒന്ന് വന്നിരുന്നു; വേദനയും തുടങ്ങി. ചെറുവിരലിലും നല്ല വേദനയായി. ചാലക്കുടി സെന്റ് ജെയിംസ് ഹോസ്പിറ്റലിലും കോ- ഓപ്പറേറ്റീവ് ഹോസ്പിറ്റലിലും കാണിച്ചു. അത് എടുത്തുകളയുകയാണ് നല്ലതെന്ന് പറഞ്ഞു. കീറിക്കളയുന്നത് എനിക്ക് ഇഷ്ടമുണ്ടായിരുന്നില്ല. ഇതിനിടയിലാണ് ഞാൻ കോട്ടയ്ക്കൽ ആശ്രമത്തിലെ ദൈവദാസനായ കനീസിയൂസച്ചന്റെ കബറിടത്തിൽ വന്ന് പ്രാർത്ഥിച്ചത്. അച്ചന്റെ കബറിടത്തിൽ എന്റെ കൈ തൊടുകയും നിലവിളക്കിലെ വെളിച്ചെണ്ണ എന്റെ കൈയിൽ പുരട്ടുകയും ചെയ്തു. എല്ലാ വ്യാഴാഴ്ചയും കബറിടത്തിൽ തൊടുകയും കബറിടത്തിലെ വെളിച്ചെണ്ണ കൈയിൽ പുരട്ടുകയും ചെയാറുണ്ട്. ഒരു വ്യാഴാഴ്ച ഇപ്രകാരം വന്ന് പ്രാർത്ഥിച്ച ശേഷം കൈ ഞെക്കി നോക്കിയപ്പോൾ .5 സെ. മീ. നീളത്തിൽ ആണി പോലെ എന്തോ ഒന്ന് പുറത്തു വന്നു. ഇപ്പോൾ കൈയുടെ കറുപ്പു നിറം മാറുകയും സാധാരണ നിറമാവുകയും ചെയ്തു. ഇത് ദൈവദാസനായ കനീസിയൂസച്ചന്റെ മദ്ധ്യസ്ഥത്തിലാണെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. ദൈവദാസനായ കനീസിയൂസച്ചനും ദൈവത്തിനും ഒരായിരം നന്ദി പറയുന്നു.

സി. ഫിലിബർട്ട് സി. എം. സി,
സൊക്കൊർസൊ മഠം, മാള

### രോഗസൗഖ്യം

ദൈവദാസനായ കനീസിയൂസ് അച്ചന്റെ മാദ്ധ്യസ്ഥം വഴി ഒരു വലിയ ഓപ്പറേഷൻ വേണം എന്ന് പറഞ്ഞത് ചെറിയ ഓപ്പറേഷനിലൂടെ രോഗം സുഖപ്പെടുത്തി തന്നതിന് ഞാനും എന്റെ കുടുംബവും ഒരായിരം നന്ദി പറയുന്നു. യേശുവേ നന്ദി. യേശുവേ സ്തുതി

**എ ഡി തോമാസ്**, ആഞ്ജേരി ഹൗസ്, കോട്ടമുറി പി. ഒ, മാള. 680 732

### ജോലി ലഭിച്ചു

എനിക്ക് വിദേശത്ത് ഒരു ജോലി ലഭിക്കുന്നതിനു വേണ്ടി ഞാനും കുടുംബാംഗങ്ങളും

കണ്ണുനീരോടെ ദൈവദാസനായ കനീസിയൂസച്ചന്റെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിച്ചതിന്റെ ഫലമായി എനിക്ക് ഫ്രീ വിസയിൽ നല്ല ഒരുജോലി ലഭിച്ചു.
**എ ഡി സേവിയർ,** ആഞ്ജേരി ഹൗസ്, കോട്ടമുറി പി. ഒ, മാള. 680 732

## ഉയർന്ന മാർക്ക് ലഭിച്ചു

കനീസിയൂസ് അച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി പ്ളസ് വൺ കോമേഴ്സിൽ 87 ശതമാനം മാർക്ക് കിട്ടിയതിന് നന്ദി അർപ്പിക്കുന്നു. ഇനിയും അങ്ങയുടെ അനുഗ്രഹം ഞങ്ങൾ യാചിക്കുന്നു.
**സാറാ വിൽസൺ**

## പരീക്ഷ പാസ്സായി

ദൈവദാസൻ കനീസിയൂസ് പിതാവിനോടു പ്രാർത്ഥിച്ചു ഡ്രൈവിങ് പരീക്ഷയ്ക്കുപോയി. അന്ന് 500 ൽ പരം കുട്ടികളുണ്ടായിരുന്നു. അതിൽ പകുതി പേർ മാത്രം പാസ്സായി . അന്ന് ഗ്രൗണ്ടിൽ മഴയുണ്ടായിരുന്നു. നല്ല വെള്ളം ഉണ്ടായിരുന്നു. ടെസ്റ്റ് ഉണ്ടാകുമെന്ന് കരുതിയില്ല. പക്ഷേ ടെസ്റ്റ് നടത്തി. പ്രായം കൂടുതലുള്ള എനിക്ക് ഡ്രൈവിങ്ങ് ടെസ്റ്റ് നടത്താൻ ഭയമായിരുന്നു. ദൈവദാസൻ കനീസിയുസ് പിതാവ് ടെസ്റ്റ് പാസാക്കിത്തന്നു. പിതാവിന് ആയിരം നന്ദി ..
**എ. എസ് ബേബി,** ആത്തപ്പിള്ളി

## അലർജി മാറി

ഫാ. കനീസിയൂസ് അച്ചന്റെ പക്കൽ പ്രാർത്ഥിച്ചതിന്റെ ഫലമായി അലർജി പൂർണ്ണമായും വിട്ടുമാറി. അതോടൊപ്പം എന്റെ അമ്മയ്ക്ക് ഉണ്ടായിരുന്ന പുറംവേദനയും മാറിക്കിട്ടി. കനീസിയൂസ് അച്ചന് ആയിരമായിരം നന്ദി അർപ്പിക്കുന്നു.
**റോസ് മേരി**

## പഠന വിജയം

അസാദ്ധ്യ കാര്യങ്ങളുടെ മദ്ധ്യസ്ഥനായ ദൈവദാസനായ കനീസിയൂസച്ചാ, എന്റെ മകന്റെ പരീക്ഷയുടെ ദിവസം ഞാൻ മാളയിൽ നിന്നും ഇവിടെ വന്ന് പ്രാർത്ഥിച്ചു. അവൻ ജയിക്കുവാനും പരീക്ഷയിൽ നല്ല മാർക്ക് കിട്ടുവാനും ബുദ്ധികിട്ടുവാനും. ബികോം പരീക്ഷയിൽ അവൻ പാസ്സായി. എന്റെ പ്രാർത്ഥന അവിടുന്ന് കേട്ടു. ഇനിയും അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു.
**രമ്യ**, പഡമാഡം ഹൗസ്, മാള

## വിദേശത്ത് ജോലി

ദൈവദാസനായ കനീസിയൂസ് അച്ചന്റെ മാദ്ധ്യസ്ഥം വഴി എന്റെ മകന് പുതിയ ജോലി ലഭിച്ചതിന് കനീസിയൂസച്ചന് നന്ദി പറഞ്ഞുകൊള്ളുന്നു.
**ഫ്രാൻസിസ്**

## ഉയർന്ന വിജയം

കനീസിയൂസച്ചന്റെ മദ്ധ്യസ്ഥം അപേക്ഷിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ മകൾ ബെസ്സി ബി. എസ്. സി. ഇന്റേണൽ പരീക്ഷ പാസ്സായി. പരീക്ഷയ്ക്ക് പഠിച്ചതൊന്നും ഓർമ്മകിട്ടാതെ തോൽക്കുമെന്ന് കരുതിയതാണ്. കനീസിയൂസച്ചന് ഒരായിരം നന്ദി.
**ഷൈനി ജോൺസൺ**

## രോഗശാന്തിയും പരീക്ഷാവിജയവും

ദൈവത്തിന് സ്തുതി
എന്റെ മകൻ കാൽവിൻ ജോസിന് കനീസിയൂസച്ചൻ വഴി പ്രാർത്ഥിച്ച് കിട്ടിയ രോഗശാന്തിക്കും +2 സി. ബി. എസ്. ഇ. ബോർഡ് എക്സാം എളുപ്പമാക്കിത്തന്നതിനും പ്രത്യേകം നന്ദി പറയുന്നു.
**സിന്ധു ജോസ്, കൊമ്പിടി**

## തടസങ്ങൾ മാറി

ഗൾഫിൽ ജോലിക്കു പോയിട്ട് തിരിച്ചു നാട്ടിൽ എത്തുവാൻ സാധിച്ചിരുന്നില്ല ദൈവദാസൻ കനീസിയൂസച്ചൻ വഴി പ്രാർത്ഥിച്ചതിന്റെ ഫലമായി തിരിച്ചെത്തി. ദൈവദാസൻ കനീസിയൂസച്ചന് നന്ദി, നന്ദി, നന്ദി. ദൈവദാസൻ കനീസിയൂസച്ചൻ വഴി പ്രാർത്ഥിച്ചപ്പോൾ അപ്പന് സൗഖ്യം കിട്ടിയതിനും നന്ദി പറയുന്നു.
**ലിസ്സി**

## ജീവിതപങ്കാളിയെ ലഭിച്ചു

ഞങ്ങളുടെ മകൾ സ്റ്റെഫിക്ക് കനീസിയൂസച്ചന്റെ മദ്ധ്യസ്ഥം അപേക്ഷിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി ദൈവാനുഗ്രഹമുള്ള നല്ലൊരു ജീവിതപങ്കാളിയെ തന്ന് അനുഗ്രഹിച്ചതിന് ഒരായിരം നന്ദി.
എൽസി പോൾ

## അപകടം മാറിപ്പോയി

2014 സെപ്റ്റംബർ 24-ാം തീയതി ചെടി നനച്ചുകൊണ്ടുനിന്നിരുന്ന എന്റെ ശരീരത്തേക്ക് വീടിന്റെ മുമ്പിലുള്ള തെങ്ങിന്റെ മുകളിൽനിന്ന് തേങ്ങ വീണു. വലതുവശത്തെ കണ്ണിന്റെ താഴെ വന്നടിച്ച് ആ തേങ്ങ ഇടതുവശത്തെ നെഞ്ചിൽ വന്ന് താഴേക്ക് വീണു. അതിന്റെ വേദനയിൽ ഞാൻ വീണുപോയി. മക്കൾവന്ന് എന്നെ താങ്ങി എഴുന്നേല്പിച്ച് കട്ടിലിൽ കിടത്തി. ആ സമയത്ത് കനീസിയൂസ് അച്ചന്റെ ചിരിച്ച മുഖമാണ് മനസ്സിൽ ആദ്യം വന്നത്. രണ്ട് ദിവസത്തേക്ക് നീരും വേദനയുമായിരുന്നു. എന്നാൽ ഡോക്ടറെയോ മറ്റോ കാണാൻ പോയില്ല. ഇപ്പോൾ യാതൊരു വേദനയോ കുഴപ്പങ്ങളോ ഇല്ല. കനീസിയൂസ് അച്ചന് ഒരായിരം നന്ദി.
**ടെസ്സി ഡേവിസ്സ്,** ആത്തപ്പിള്ളി, കോട്ടമുറി

തുടർച്ച 1 പേജിൽ നിന്നും

## അന്ന് മനുഷ്യദാസൻ ഇന്ന് ദൈവദാസൻ


മോൺ. ജോസ് ഇരിമ്പൻ,
ഇരിങ്ങാലക്കുട രൂപത വികാരി ജനറാൾ



വന്നിരിക്കുന്നത്'' എന്ന യേശുവചനം ജീവിതത്തിൽ സ്വന്തമാക്കുവാൻ ബഹു. കനീസിയൂസച്ചനു സാധിച്ചു. തന്നെ സമീപിക്കുന്ന സഹോദരൻ ശത്രുവായാലും മിത്രമായാലും അയാളുടെ ഉപരിനന്മക്ക് കഴിയാവുന്നതെല്ലാം ചെയ്യുവാൻ എപ്പോഴും സന്നദ്ധനായ അരൂപിയാൽ നിറഞ്ഞ ആത്മീയതയുടെ ആൾരൂപമായിരുന്ന ബഹു. കനീസിയൂസച്ചന്റെ അരികിലേക്ക് അശ്വാസം തേടി എത്തിയിരുന്നവർ എത്രയോ പേരാണ്! വൈദീകപ്രമുഖരും സമർപ്പിതരും അത്മായസഹോദരങ്ങളും അതിൽ ഉൾപ്പെടും. സമീപിക്കുന്നവർക്കൊക്കെ തന്റെ അറിവിന്റെയും ആത്മീയതയുടെയും നിക്ഷേപത്തിൽനിന്നും അദ്ദേഹം കൊടുത്ത ജീവിതദർശനങ്ങളും ആശ്വാസവാക്കുകളും അനേകരുടെ ജീവിതത്തിന് ഉണർവ്വേകിയിട്ടുണ്ട്.

ദൈവേഷ്ടത്തിന്റെ ദാസനായി ജീവിതം മുഴുവൻ സഹോദരങ്ങളുടെ ദാസനായി ചെറുതും വലുതുമായ ശുശ്രൂഷകൾ ചെയ്ത ബഹു. കനിസീയൂസച്ചൻ മരണശേഷവും ദൈവത്തിന്റെ ദാസൻ തന്നെയെന്ന് അംഗീകരിക്കപ്പെട്ടിരിക്കുകയാണ്. ബഹു. കനിസീയൂസച്ചൻ ദൈവത്തോട് കൂടുതൽ അടുത്തിരുന്ന് ജീവിച്ചിരുന്നപ്പോൾ എന്നതിനേക്കാൾ കൂടുതൽ ശക്തമായ വിധത്തിൽ മനുഷ്യർക്കുവേണ്ടി സ്വർഗത്തിൽ നിന്ന് നന്മകൾ വർഷിക്കാൻ ഇടവരുത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# വചനോപാസകനായ കനീസിയൂസച്ചൻ





ഫാ. തോമസ് മാമ്പ്ര സി. എം. ഐ.,

വിനീതനും, വിജ്ഞാനിയും, വിശുദ്ധനുമായിരുന്ന ബ. കനീസിയൂസച്ചനുമായി 1958 മുതലുള്ള പരിചയവും അടുപ്പവുമാണുള്ളത്. അന്നദ്ദേഹം ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ വിശുദ്ധ ഗ്രന്ഥ പണ്ഡിതനും പ്രൊഫസറും വൈദിക വിദ്യാർത്ഥികളുടെ ആത്മീയോപദേഷ്ടാവുമായിരുന്നു. അന്നുമുതൽ പലപ്പോഴും വിവിധ തലങ്ങളിൽ അദ്ദേഹവുമായിട്ട് അടുത്തിടപെടാൻ അവസരം ലഭിച്ചത് ഒരു മഹാഭാഗ്യമായിട്ടാണ് കരുതുന്നത്. ആ മഹനീയ വ്യക്തിത്വത്തിൽ ദർശിക്കുവാനായ ചില കാര്യങ്ങൾ മാത്രം ചുരുക്കമായി രേഖപ്പെടുത്തുകയാണ്.

അറിവിലും വിശുദ്ധിയിലും ഉന്നതശീർഷനായിരുന്ന അദ്ദേഹത്തിൽ ഒതുങ്ങിയിരുന്ന അഗാധമായ വിനയവും പ്രസാദാത്മകമായ പുഞ്ചിരിയും, ദൈവത്തിനും ദൈവജനത്തിനും വേണ്ടി സ്വയം ചെലവഴിക്കാനുള്ള സന്നദ്ധതയും, സമയക്ലിപ്തതയുമുള്ള പ്രതിപാദനശൈലി, യേശുവിലേയ്ക്കും ദൈവപിതാവിലേയ്ക്കും അനായാസം വിരൽചൂണ്ടുന്ന സംഭാഷണരീതി, വി. പൗലോസിന്റെ ദൈവീക പ്രതിബദ്ധതയുടെയും യേശുസാക്ഷാത്കാരത്തിന്റെയും ചൈതന്യസവിശേഷതയിലേയ്ക്കും നയിക്കുന്ന സദുപദേശങ്ങൾ തുടങ്ങിയവ നിറഞ്ഞുനിന്ന അദ്ദേഹത്തിന്റെ പ്രവർത്തനശൈലി പച്ചകെടാതെ ഇന്നും മനസ്സിൽ തങ്ങിനില്ക്കയാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പാപത്തിലൂടെ വിശിഷ്ടമായ ദൈവപുത്രസ്ഥാനം നഷ്ടമാക്കിയെങ്കിലും കരുണാമയനായ യേശുവിലൂടെ “പുത്രസ്വീകാരൃത” ദാനമായി വീണ്ടും നല്കിയനുഗ്രഹിച്ചെന്ന സദ്വാർത്തയുടെ വാചാലനായ വക്താവും ധീരനായ പ്രയോക്താവുമായിരുന്ന അദ്ദേഹം സഭാസ്ഥാപകനായ വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ ജീവിതദർശനത്തിന്റെയും ആത്മീയ സംസ്കൃതിയുടെയും പ്രചോദനമാത്മകമായ നിദർശനമായിരുന്നു. ദൈവികതയിലൂടെ മാനവികതയുടെ ഈ ശംഖനാദം ജനകോടികളിലേയ്ക്കെത്തിക്കുവാൻ സഭാംഗങ്ങളുടെ പ്രവർത്തന മേഖലകൾ ഉത്തരേന്ത്യയിലേയ്ക്കും, മറ്റു സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായി. വചനോപാസനയിലും പ്രാർത്ഥനയിലുമൂന്നിയ കർമ്മലചൈതന്യത്തിന്റെ സ്പന്ദിക്കുന്ന സാക്ഷാത്കാരമായിരുന്നു പരിയാരം സി. എസ്. ആറിലെ അദ്ദേഹത്തിന്റെ നീണ്ട വർഷങ്ങൾ. ബ. കനീസിയൂസച്ചന്റെ ജീവിതമാതൃക നമുക്കേവർക്കും ആത്മനവീകരണത്തിനും വിശുദ്ധവീഥിയിലൂടെയുള്ള മുന്നേറ്റത്തിനും ശക്തമായ പ്രചോദനമാകട്ടെയെന്ന് പ്രാർത്ഥിക്കാം.

# ഇത് പൊളിച്ചുകളയരുത്





ഫാ. ജോസ് ചുങ്കൻ സി. എം. ഐ.

“കർത്താവേ, അങ്ങ് വസിക്കുന്ന ആലയവും അങ്ങയുടെ മഹത്വത്തിന്റെ ഇരിപ്പിടവും എനിക്കു പ്രിയങ്കരവുമാണ്” (സങ്കീ. 26:8). ദൈവാലയത്തോടും ദൈവത്തിന്റെ മഹിമാവിനോടും സങ്കീർത്തകനായ ദാവീദിനുണ്ടായിരുന്ന പ്രത്യേക ഇഷ്ടം വ്യക്തമാക്കുന്ന ഒരു വാക്യമാണിത്. ദൈവാലയത്തോടും പരി. സക്രാരിയോടും ദൈവദാസനായ കനീസിയൂസച്ചനും അതുപോലെ വലിയ ഭക്തിയും താല്പര്യവുമായിരുന്നു.

അതുകൊണ്ട്, അദ്ദേഹം താമസിച്ചിരുന്ന എറണാകുളം പ്രിയോർ ജനറാൾസ് ഹൗസിലെ സെന്റ് ജോസഫ്സ് ദേവാലയം, ബാംഗ്ലൂർ ധർമ്മാരാം സെമിനാരിയിലെ ദൈവാലയം, തൃശൂർ പാട്ടുരായ്ക്കലിലെ ദേവമാതാ ദൈവാലയം, പരിയാരം സാക്ഷാത്കാരയിലെ ‘സന്നിധി’, ദൈവാലയം എന്നിവ വൃത്തിയായി സൂക്ഷിക്കുന്നതിനും ഭംഗിയായി അലങ്കരിക്കുന്നതിനും മാത്രമല്ല, മണിക്കൂറുകൾ മുട്ടിന്മേൽനിന്ന് കണ്ണുകൾ സ്വർഗ്ഗത്തിലേക്കുയർത്തി പ്രാർത്ഥിക്കുന്നതിനും അദ്ദേഹം അതീവ ജാഗ്രതയോടെ പരിശ്രമിച്ചിരുന്നു.

ദൈവസന്നിധിയിലായിരുന്ന ആ ദിവ്യവേളകളിലായിരുന്നു, ദൈവമഹത്ത്വം അനുഗ്രഹങ്ങളുടെയും, ദിവ്യവും നവീനവുമായ ആശയങ്ങളുടെയും, നല്ല തീരുമാനങ്ങളുടെയും സർവ്വോപരി, ദൈവേഷ്ട നിമന്ത്രണങ്ങളുടേയും രൂപത്തിൽ അദ്ദേഹത്തിന്റെ ആത്മാവിലേക്ക് പറന്നിറങ്ങിയിരുന്നത്.

ദൈവാലയത്തോട് മാത്രമല്ല ദൈവത്തിന് പ്രതിഷ്ഠിതമായ എല്ലാറ്റിനോടും ഈ ഇഷ്ടം വളർന്നു പടർന്നിരുന്നു. തിരുഹൃദയ പ്രതിഷ്ഠ നടത്തിയ സ്വന്തം ജന്മഗൃഹം പൊളിച്ചുകളയരുതെന്ന്, വൈദികനാകും മുമ്പുതന്നെ അദ്ദേഹം സ്വന്തം പിതാവിനോട് അപേക്ഷിച്ചത് അതുകൊണ്ടായിരുന്നു. തെക്കേക്കര പൊതപറമ്പിൽ ലോനപ്പന്റെ മക്കൾ തലമുറകളായി ആ ഭവനം സംരക്ഷിച്ചുപോന്നിട്ടുണ്ട്. ‘പൊളിച്ചുകളയരുത്’ എന്നതുകൊണ്ട് അദ്ദേഹം ഉദ്ദേശിച്ചത് തകർത്തുകളയരുത് എന്നുതന്നെ. അത് നിലനിർത്തുന്നത്, അവിടെ നടത്തിയ തിരുഹൃദയ പ്രതിഷ്ഠയുടെ ചൈതന്യം കെട്ടുപോകാതിരിക്കാൻ; തിരുഹൃദയത്തിന്റെ സാന്നിധ്യം അവിടെ സജീവമാകുവാൻ; ആ അനുഗ്രഹവർഷം കുടുംബാംഗങ്ങളുടെ മേൽ ചൊരിയപ്പെടാൻ; ആ കൃപാകടാക്ഷം ആനന്ദപുരത്തെ നാനാജാതിമതസ്ഥർക്കും അനുഭവവേദ്യമാകുവാൻ; നാട്ടുകാർക്ക് നന്മയുടെ ഒരു ശ്രീകോവിലായി അത് രൂപാന്തരപ്പെടാൻ വേണ്ടിയാണ്.

‘കനീസിയം’ എന്നു നാമകരണം ചെയ്യപ്പെട്ട ആ ഭവനത്തിലും പരിസരങ്ങളിലും പ്രാർത്ഥനയുടെ പ്രകാശം വെട്ടിത്തിളങ്ങണം; നന്മപ്രവൃത്തികളുടെ കേന്ദ്രമായി ദൈവകൃപ ജനഹൃദയങ്ങളിലേയ്ക്ക് എത്തിച്ചുകൊടുക്കുന്ന കൈച്ചാലുകളായി പരിണമിക്കണം; ആത്മീയതയുടെയും ദിവ്യജ്ഞാനത്തിന്റെയും സുഗന്ധം നിറഞ്ഞുനില്ക്കുന്ന ദിവ്യ ആലയവും ശ്രേഷ്ഠമായ ഇരിപ്പിടവുമായി അത് ഉയർത്തപ്പെടണം.

## നാമകരണജപം

സ്നേഹപിതാവായ ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങേ എളിയ ദാസനായ കനീസിയൂസച്ചൻ വഴി അങ്ങ് നൽകിയ അനുഗ്രഹങ്ങളെയോർത്ത് ഞങ്ങൾ നന്ദി പറയുന്നു. ഏതു പ്രതിസന്ധിയിലും ദൈവേഷ്ടം മുഴുവനായി നിറവേറ്റുവാൻ ജീവിതം ഉഴിഞ്ഞുവച്ച അദ്ദേഹത്തിന്റെ മാതൃക, അനുദിനജീവിതത്തിൽ ഞങ്ങൾക്ക് പ്രചോദനമാകട്ടെ. വചനത്തിന് അനുസൃതമായി ജീവിക്കുവാനും വചനം പ്രഘോഷിക്കുവാനും കനീസിയൂസച്ചൻ പ്രകടമാക്കിയ തീക്ഷ്ണത ഞങ്ങളുടെ ജീവിതത്തിൽ പ്രായോഗികമാക്കുവാൻ അനുഗ്രഹിക്കണമെ. നല്ലവനായ ദൈവമേ, അങ്ങേ മഹത്വത്തിനായി കനീസിയൂസച്ചൻ അൾത്താരയിൽ വണങ്ങപ്പെടുന്നതിന് ഇടവരുത്തണമേ. അദ്ദേഹത്തിന്റെ മാധ്യസ്ഥം വഴി ഞങ്ങൾ അപേക്ഷിക്കുന്ന പ്രത്യേക അനുഗ്രഹങ്ങൾ........ അങ്ങ് ഞങ്ങൾക്ക് നൽകണമെ. ഈ അപേക്ഷകൾ പരി. കർമ്മലനാഥയും, വി. ചാവറപിതാവും വഴി കർത്താവീശോമിശിഹായുടെ നാമത്തിൽ അങ്ങേയ്ക്ക് ഞങ്ങൾ സമർപ്പിക്കുന്നു.

ആമ്മേൻ.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

## ദൈവദാസനായ കനീസിയൂസച്ചന്റെ ജീവിതത്തിലെ സുപ്രധാന നാഴികക്കല്ലുകൾ

| | |
|---|---|
| 1914 മെയ് 12 | : ജനനം; ആനന്ദപുരം |
| 1914 ജൂൺ 6 | : മാമ്മോദീസ; പറപ്പൂക്കര |
| 1927 - 1928 | : നാലര ക്ലാസ്; എൽത്തുരുത്ത് |
| 1931 - 1934 | : യോഗാർത്ഥി, ഹൈസ്ക്കൂൾ; പാവറട്ടി |
| 1935 നവം. 24 | : ആദ്യവ്രതം |
| 1936 - 1942 | : സെമിനാരി പഠനം; മംഗലാപുരം |
| 1942 ഡിസം. 21 | : പൗരോഹിത്യ സ്വീകരണം; മംഗലാപുരം |
| 1944 - 1945 | : ഡി.ഡി.പഠനം; കാൻഡി |
| 1948 - 1952 | : ഡി.എസ്.എസ്., ഗവേഷണപഠനം; റോം |
| 1957 - 1959 | : സെമിനാരി പ്രഫസർ; സ്പിരിച്വൽ മാസ്റ്റർ; ബാംഗ്ലൂർ |
| 1960 - 1966 | : റെക്ടർ, ബാംഗ്ലൂർ |
| 1966 - 1972 | : പ്രിയോർ ജനറാൾ, ഏറണാകുളം |
| 1972 - 1975 | : പ്രൊവിൻഷ്യാൾ; തൃശൂർ |
| 1978 - 1981 | : വികാർ ജനറാൾ; എറണാകുളം |
| 1981 - 1996 | : ആത്മീയഗുരു; പരിയാരം |
| 1996 - 1998 | : ആശ്രമാംഗം; അമ്പഴക്കാട് |
| 1998 ജനു. 29 | : മരണം; അമ്പഴക്കാട് |
| 2014 മാർച്ച് 29 | : ദൈവദാസ പദവി |

തുടർച്ച1 പേജിൽ നിന്നും

## സ്നേഹധനനായ ഫാ. കനീസിയൂസ് CMI

Late സിസ്റ്റർ ക്ലിയോപാട്ര സി. എം . സി.


ശങ്ങളെല്ലാം അദ്ദേഹം ഞങ്ങൾക്ക് നൽകിയിരുന്നു, ഞങ്ങളെ നയിച്ചിരുന്നു. അദേഹത്തിനു രോഗമായിരുന്നപ്പോഴും ഞാൻ പോയി കാണാറുണ്ട്. ആ ദൈവികമായ ഒരു കാഴ്ചപ്പാട് എപ്പോഴും ഉണ്ടായിരുന്നു. അദ്ദേഹം ഒരു ദൈവീകപുരുഷനായിരുന്നു. ഈശോയെ പോലെ ഹൃദയ ശാന്തതയും എളിമയും ഉള്ളവൻ. എല്ലാവരെയും ഏതവസ്ഥയിലും സ്വീകരിച്ചവൻ. ഓരോരുത്തർക്കും ആവശ്യമുള്ള ഉപദേശം നല്കിയിരുന്നു. രോഗത്തിലും അദ്ദേഹത്തിന്റെ സ്നേഹത്തിനും ദയാവായ്പിനും കുറവുണ്ടായിരുന്നില്ല. ദൈവേഷ്ടം നിറവേറട്ടെ എന്ന് മാത്രം ആഗ്രഹിച്ച് ദാഹിച്ച് പ്രാർത്ഥിച്ച ഒരാളായിരുന്നു. അദ്ദേഹത്തിൽ വിളങ്ങിയിരുന്ന എളിമ, ശാന്തത, സേവനസന്നദ്ധത മുതലായവ ഞാനും പഠിച്ച് എന്റെ ജീവിതത്തിൽ ഉണ്ടാകുവാൻ ശ്രമിക്കുന്നു. അദ്ദേഹം വേഗത്തിൽ വിശുദ്ധപദവിയിലേയ്ക്ക് ഉയർത്തപ്പെടട്ടെ എന്ന് ആഗ്രഹിച്ച് പ്രാർത്ഥിക്കുന്നു.

### എല്ലാ വ്യാഴാഴ്ചകളിലും ദൈവദാസനായ കനീസിയൂസ് CMI യുടെ കബറിട ദേവാലയത്തിൽ നടത്തുന്ന പ്രാർത്ഥനകൾ

06.00 am : ദിവ്യബലി, കബറിടത്തിൽ ഒപ്പീസ്
02.30 pm : ത്രിമുഖ ജപമാല ജനങ്ങളോടൊപ്പം
05.00 pm : സിസ്റ്റേഴ്സിന്റെ പ്രാർത്ഥന
07.00 pm : നവസന്യാസികളുടെയും വൈദീകരുടെയും പ്രാർത്ഥന

Route Map to

**ST. TERESA'S MONASTERY**






ദൈവദാസനായ കനീസിയൂസച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന കോട്ടക്കൽ ആശ്രമദേവാലയം

**The Vice Postulator, Servant of God Fr. Canisius' Cause**
**ST. TERESA'S MONASTERY, KOTTACKAL**
Mala P.O., Kotttamuri, Thrissur - 680 732
Tel: 0480 - 2890225, 2891080, Mob: 9539444156 e-mail : dpanakkal@yahoo.com